# ആമുഖം

2025 - 26 അക്കാദമിക വർഷം സമഗ്ര ഗുണമേന്മ വർഷമാണ്. പാഠ്യപദ്ധതി പ്രകാരം പാഠപുസ്തകങ്ങൾ പലതും തന്നെ പരിഷ്കരിച്ചിട്ടുണ്ട്. മൂല്യനിർണയ രീതിയിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. കേരളത്തിലെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി നിരവധി മാറ്റങ്ങൾ പ്രകടമാണ്. ഇതിന്റെ തുടർച്ചയായി മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. നമ്മുടെ വിദ്യാലയവും വിദ്യാഭ്യാസ ഗുണമേന്മ വർധിപ്പിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, രക്ഷാകർത്താക്കളുടെ പഠന പുരോഗതിയും സമഗ്ര വികസനവും ഉറപ്പുവരുത്താനുള്ള നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ നിർവഹണത്തിനായി, ക്ലാസ് തല, വ്യക്തിഗത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി, സമഗ്ര ഗുണമേന്മ മാസ്റ്റർ പ്ലാനായി സ്കൂൾ തല ക്രോഡീകരണം ചെയ്യുകയാണ്. സൂക്ഷ്മ തലത്തിലുള്ള ആസൂത്രണം നടത്തി പരമാവധി നേട്ടങ്ങളിലേക്ക്, കുട്ടികളെ എത്തിക്കാനുള്ള ആസൂത്രണം വിശദമാക്കുന്നതിനും, ക്ലാസ് അടിസ്ഥാനത്തിലും ചെയ്തിട്ടുണ്ട്

സ്കൂൾ വർഷാരംഭത്തിൽ കുട്ടികളിൽ വിവിധ ഭാഷാ പൊതുധാരണകൾ, പഠന പ്രവർത്തനങ്ങളിൽ ഉൾച്ചേർന്ന് കുട്ടികൾക്ക് മികച്ച പഠനാനുഭവങ്ങൾ

നൽകുന്നതിനും, ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും 1 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്കായി സ്കൂൾതല സമഗ്ര ഗുണമേന്മ അക്കാദമിക മാസ്റ്റർ പ്ലാനിൽ പ്രാധാന്യം നൽകിയിട്ടുണ്ട്.

മതിലൂർ ഗവ. യു.പി. സ്കൂളിന്റെ അക്കാദമിക ആവശ്യങ്ങൾ പരിഹരിക്കും സാഹചര്യങ്ങൾ ഒരുക്കിയെടുക്കുന്ന തനതും നൂതനവുമായ പദ്ധതികൾ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ കുട്ടിയും അതാത് ക്ലാസിൽ നേടേണ്ടതായ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ ആർജ്ജിച്ചു മുന്നേറേണ്ടതാണ് എന്നതിന് പ്രാധാന്യം അക്കാദമിക മാസ്റ്റർ പ്ലാനിൽ നൽകിയിട്ടുണ്ട്.

പാഠപുസ്തകങ്ങളിൽ നിന്നു ലഭിക്കുന്ന അറിവിനൊപ്പം കുട്ടികളിൽ സമഗ്ര വികാസം ഉണ്ടാക്കാൻ, ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക മേഖലകളുടെ വികാസത്തെയും ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമാക്കിയിട്ടുണ്ട്.

എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുകയും, പഠന പിന്തുണ നൽകുകയും, സ്വന്തം കഴിവുകൾ കണ്ടെത്തി, അവ പരമാവധി ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനും ഉള്ള അവസരങ്ങൾ സൃഷ്ടിക്കാനും ഉള്ള ആസൂത്രണം സമഗ്ര ഗുണമേന്മ അക്കാദമിക മാസ്റ്റർ പ്ലാനിൽ നടത്തിയിട്ടുണ്ട്.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം<br>• മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് <u>അമ്മയുമൊത്തു</u> എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്സും പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>• കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.<br>• IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് .സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ -ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല . |

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1
പേര് : **പുസ്തകം എന്റെ ചങ്ങാതി**
ഉപമേഖല വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ആനന്ദൻ മാഷ് | 1000 |

പ്രവർത്തനം : 2
പേര് : **എന്റെ പിറന്നാൾ പുസ്തകം**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : **ഉച്ചഭാഷിണി വായന**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

# Academic Master Plan - Class 1 English

Academic Year: 2025-26

Class: 1

Subject: English

Prepared by: [Teacher's Name] Habeeba.B

School: [School Name] Gups kadirur

Objectives:

- To develop basic English language skills: listening, speaking, reading, and writing.
- To build phonemic awareness and simple vocabulary.
- To introduce letters, words, and simple sentence structures.
- To encourage oral communication through songs, rhymes, and stories.

Term-wise Breakdown:

Term 1:

- Alphabets A-Z (recognition and writing)
- Phonics: Letter sounds
- Vocabulary: Common objects, animals, colors
- Structures: 'This is...', 'That is...'
- Rhymes and Songs

Term 2:

- Naming words (nouns)
- Action words (verbs)
- Pronouns (he, she, it)

# Academic Master Plan - Class 1 English

- Picture reading and storytelling
- Small sentence formation

Monthly Plan (Sample):

June:

- Introduction to English, greetings, classroom instructions
- Activities: Song - "Hello Song", flashcards
- Assessment: Oral response, observation

July:

- Alphabets A-Z, phonics drills
- Activities: Alphabet chart, tracing sheets
- Assessment: Letter recognition test

August:

- Vocabulary building: animals, fruits, colors
- Activities: Picture chart, coloring with words
- Assessment: Oral test, worksheet

September:

- Revision and Midterm Assessment
- Activities: Picture talk, rhymes performance
- Assessment: Oral + written

# Academic Master Plan - Class 1 English

October:

- Naming words, action words
- Activities: Action game, naming game
- Assessment: Worksheet, oral quiz

November:

- Pronouns, sentence making
- Activities: Matching cards, story time
- Assessment: Portfolio, oral test

December:

- Revision and Term End Assessment
- Activities: Recap games, group rhyme singing
- Assessment: Written + oral exam

Teaching Aids:

- Flashcards, alphabet charts, rhymes audio, picture books

Assessment Methods:

- Continuous Evaluation
- Oral and written activities
- Portfolio review
- Teacher observation

Expected Learning Outcomes:

# Acadamic Master Plan

## Class: I

## Maths

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## Class: I ഗണിതം

~~ഒരക്ക സംഖ്യകൾ~~

ലക്ഷ്യം: ഗണിതത്തിൽ താഴെ പറയുന്ന ശേഷികൾ നേടേണ്ട പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നു.

1. ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും.
2. ഒരക്ക സംഖ്യകൾ ആരോഹണ/അവരോഹണ ക്രമത്തിലാക്കൽ
3. രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
4. രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
5. ഒരക്ക സംഖ്യാ വ്യാഖ്യാനം
6. ഒരക്ക സംഖ്യാ പാറ്റേൺ
7. രണ്ടക്ക സംഖ്യ (20ൽ താഴെ)കളുടെ സങ്കലനം
8. രണ്ടക്ക സംഖ്യ (20ൽ താഴെ)കളുടെ വ്യവകലനം
9. 20ൽ താഴെയുള്ള സംഖ്യകളുടെ സംഖ്യാ വ്യാഖ്യാനം
10. 20ൽ താഴെയുള്ള സംഖ്യകളുടെ പാറ്റേൺ
11. 1 മുതൽ 100 വരെ എഴുതാനും വായിക്കാനും.
12. പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിന് (രൂപയും പൈസയും)

# വാർഷിക ആസൂത്രണം

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|
| ജൂൺ | • അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം-സന്നദ്ധത പ്രവർത്തനങ്ങൾ<br>• പ്രവേശനോത്സവ ദിനം<br>• ക്ലാസ് പിടിഎ തീയതികൾ (തീയതി എഴുതിച്ചേർക്കണം)<br>• നിർവഹണ ഉദ്ഘാടനം (തീയതി)<br>• പഠനോപകരണം നിർമ്മാണ ശില്പശാല (തീയതി)<br>• ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരണം (തീയതി)<br>• ഡോക്യുമെന്റേഷൻ തുടക്കം | സന്നദ്ധത പ്രവർത്തനങ്ങൾ<br>മഴയോ മഴ<br>അടുക്കളയിലെ രൂപങ്ങൾ<br>An Umbrella For All | 20 |
| ജൂലൈ<br>ജല | • ജല പരീക്ഷണങ്ങൾ<br>ജല സംരക്ഷണ പ്രവർത്തനങ്ങൾ<br>• കടംകഥ, സംഭാഷണം, പോസ്റ്റർ<br>• ക്ലാസ് പിടിഎ യോഗം<br>വിലയിരുത്തൽ | നന്നായ് ഉണ്ണാൻ<br>ഒളിച്ചേ, കണ്ടേ<br>An Umbrella For All | 20 |
| ആഗസ്റ്റ് | • കാർഷിക ഉപകരണങ്ങൾ പ്രദർശനം<br>ആഹാര രീതികൾ<br>• രചനോത്സവം<br>• പാഠങ്ങളിൽ നിന്നും ബാലസാഹിത്യകൃതികളിലേക്ക്<br>ക്ലാസ് പി.ടി.എയിൽ കുട്ടികളുടെ തൽസമയ പ്രകടനങ്ങൾ<br>• വായനോത്സവം | എന്താണമ്മേ സ്വാതന്ത്ര്യം<br>നല്ല നാടിനായ് നല്ല നാളേക്കായ്<br>A Piece Of Cake | 15 |

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
| --- | --- | --- | --- |
| സെപ്റ്റംബർ | • കഥകൾ ,സംഭാഷണങ്ങൾ അവതരണം<br>• ഡയറി എഴുത്ത്<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• പട്ടിക വിശകലനം<br>• ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങളാക്കാൾ<br>• Mask making,Role Plays | പൂരം, പൊടിപൂരം<br>സമ്മാനപ്പൊതി<br>A Piece Of Cake | |
| ഒക്ടോബർ | • കഥകൾ ,സംഭാഷണങ്ങൾ ചിഹ്നങ്ങൾ ചേർക്കൽ കുട്ടിക്കവിതകൾ<br>• 100 ന്റെ കൂട്ടങ്ങളാക്കൽ ,<br>• സംഖ്യകൾ താരതമ്യം | രുചിമേളം<br>ഒന്നായ് ചേരാം നന്നായ് വളരാം<br>The Village Of Birds | |
| നവംബർ | • മുഖമുടി നിർമാണം സംഭാഷണം രൂപപ്പെടുത്തൽ ദൃശ്യാവിഷ്കാരം<br>• Conversation<br>• Role plays<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• താരതമ്യം ചെയ്യൽ<br>• പട്ടികപ്പെടുത്തൽ | | |

## ലക്ഷ്യങ്ങൾ

★ കുട്ടികളുടെ അറിവ്, വിവേകം, സംശയ നിവൃത്തി നിരീക്ഷണം തുടങ്ങിയവ വളർത്തുക.

★ കുട്ടികളെ അവരുടെ സമീപ പരിസരവുമായി ബന്ധിപ്പിക്കുക.

★ പ്രകൃതിയും സമൂഹവുമെന്തെന്ന് മനസ്സിലാക്കുക

★ സാമൂഹിക ഉത്തരവാദിത്വവും പരിസ്ഥിതി ബോധവും വളർത്തുക.

★ ശാസ്ത്രാവബോധം വളർത്തുക.

## പ്രവർത്തനങ്ങൾ

→ കണ്ടെത്താം അറിയാം

ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു

കുറിപ്പ് തയ്യാറാക്കൽ

→ ജൈവ വൈവിധ്യ പാർക്ക്/ തടയണ / ജല സ്രോതസ്സുകൾ സംരക്ഷണം തുടങ്ങിയ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം.

→ ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം

പരീക്ഷണം വീട്ടിനകത്തും.

- IV std English -

# ACADEMIC MASTER PLAN - 2025 - 26

| | AIM | Activities | Duration | Responsible person | Economic Source |
|---|---|---|---|---|---|
| 1 | To read & speak English effectively and fluently. | English Assembly conducted by the children. | From June To March | English Teacher | |
| 2 | English Diary writing. | Daily writing the important events (at school or at home) | June to March | English Teacher | |
| 3 | English Theatre Creativity | Presentation English Lessons in the classroom in the form of Skit, drama Conversation, Story telling. | Monthly Throught the year. | English Teachers & English Club | PTA SMC & |
| 4 | English Magzine | Including all the Creative works in English like, Poems, rhymes, stories pictures, conversation etc. | March Once in a year! (from June To March) | HM Teacher English club | PTA English club |

| Aim | Activities | Duration | Responsible person | Economic Source |
|---|---|---|---|---|
| 5 Creative Writing in English Chats, Lettcoet | To write about special days, Oceassions day celebrations etc. Chats, letter W | JUNE TO March | English Teacher | PTA |
| 6 English Corner - Developing skills | Reading Corner - Collecting various articles, storybooks, wrappers etc. Reading time - during lunch break - Book appreciation Book review. | JUNE TO February | English teacher PTA English Club | PTA |
| 7 English Fest To develop 'LSRW'. Developing Communicative Skills. | Once in a year - collecting all the creative works on class room. | February March | HM All the teachers PTA English club | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിതപഠനത്തിലെ അടിസ്ഥാനപരമായ ചതുഷ്ക്രിയകളിലെ പിന്നോക്കാവസ്ഥ പരിഹരിച്ച് കുട്ടികളിൽ ഗണിതത്തിൽ താൽപര്യം ഉണ്ടാക്കുന്നു. | ① Pre-test നടത്തി പ്രശ്നങ്ങൾ കണ്ടെത്തുന്നു. ② പ്രശ്നപരിഹരണത്തിനാവശ്യമായ മൊഡ്യൂൾ തയ്യാറാക്കുന്നു. ③ ദിവസവും അരമണിക്കൂർ ക്ലാസ് നടത്തുന്നു. ④ ഇടക്ക് വിലയിരുത്തൽ നടത്തി തുടർ പ്രവർത്തനം നടപ്പാക്കുന്നു | ജൂണിലെ രണ്ടാം ആഴ്ചയിലെ പ്രവർത്തി ദിവസം | ഗണിതാധ്യാപകർ | |
| 2. ഗണിതപ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി ഗണിതക്ലബ് രൂപീകരണം | 5,6,7 ക്ലാസുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഗണിതക്ലബ് രൂപീകരിക്കുന്നു. ② ഓരോ മാസവും ആദ്യത്തെ വെള്ളിയാഴ്ച മീറ്റിങ്ങും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യലും വിലയിരുത്തലും. ③ ഗണിതക്വിസ്, മാഗസിൻ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | June Ist week<br>1st Friday in a month<br>once in a month | ,,<br>club members | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3. ഗണിതപഠനം കൂടുതൽ ഫലപ്രാപ്തിയിലാക്കാൻ | • പഠനോപകരണങ്ങൾ ഉപയോഗിക്കൽ<br>• ICT സാധ്യത പ്രയോജനപ്പെടുത്തൽ | വർഷം മുഴുവൻ | ഗണിതാധ്യാപകർ, SSA | |
| 4. പ്രവർത്തനാധിഷ്ഠിത ഗണിതപഠനം ഗണിതലാബ് സജ്ജീകരിക്കൽ | • ഓരോ ക്ലാസിനും ആവശ്യമായ സാധനം സംഘടിപ്പിക്കൽ<br>• സാധനം എല്ലാം വളരെ മനോഹരമായ രീതിയിൽ സജ്ജീകരിക്കൽ | " | ഗണിതാധ്യാപകർ, SSA, PTA | |
| 5. ഗണിത ലൈബ്രറി ഒരുക്കൽ | 5,6,7 ക്ലാസിലെ കുട്ടികൾക്ക് ആവശ്യമായ ഗണിതപുസ്തകങ്ങൾ ലിസ്റ്റ് ചെയ്യുന്നു. വാങ്ങുന്നു. | ഒക്ടോബർ | ഗണിതാധ്യാപകർ | |
| 6. ഗണിതസഹവാസക്യാമ്പ് നടത്തുക | ഒറിഗാമി, പസിൽസ്, ജ്യാമിതിയിലെ കളികൾ, രൂപങ്ങൾ ഉണ്ടാക്കൽ തുടങ്ങിയവയുടെ പരിശീലനം | ഡിസംബർ ജനുവരി | PTA, HM ഗണിതാധ്യാപകർ | |
| 7. പ്രതിഭാപോഷണം | ഗണിതത്തിൽ കൂടുതൽ മിടുക്കരായ കുട്ടികളെ കണ്ടെത്തി വിദഗ്ധരെ കൊണ്ട് ക്ലാസ് നടത്തുന്നു. | August to February | ഗണിതാധ്യാപകർ | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 8. | കൈത്താങ്ങ്:- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ സഹായിക്കാൻ കുട്ടികളിൽ നിന്നും ഒരു പിയർ ഗ്രൂപ്പ് | ഗണിതത്തിൽ പ്രയാസം നേരിടുന്നവരെ സഹായിക്കാൻ ക്ലാസ്സിൽ നിന്നും പിയർ ഗ്രൂപ്പ് ഉണ്ടാക്കുന്നു. | June to march | ഗണിതാധ്യാപകർ, കുട്ടികൾ |
| 9. | ഗണിതമേള സംഘടിപ്പിക്കൽ | ക്ലാസ് റൂം പ്രവർത്തനങ്ങളിലെ ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നു. ഒഴിവു സമയങ്ങളിൽ ക്ലാസിൽ അവസരം നൽകുന്നു. | നവംബർ അവസാനം | ഗണിത ക്ലബ്, ഗണിതാധ്യാപകർ |